കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി15-404/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 28/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കോട്ടയം
3. ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി15-404/2023 തീയ്യതി: 28/03/2023

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ഷൈജു എസ്.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	07-03-2023	15-03-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-03-2023	15-03-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രസാദ് പി. ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ രാജേഷ് എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
അജിത രതീഷ്	പ്രസിഡന്റ്	01-04-2021	31-03-2022
അന്ന മാത്യു ജോർജ്	സെക്രട്ടറി	01-04-2021	13-06-2021
ഫൈസൽ എസ്.	സെക്രട്ടറി	14-06-2021	17-09-2021
വിഷ്ണു ആർ.	സെക്രട്ടറി	18-09-2021	26-10-2021
പി. എൻ. സുജിത്ത്	സെക്രട്ടറി	27-10-2021	16-12-2021
നാസർ കെ. എ.	സെക്രട്ടറി	17-12-2021	03-02-2022
ഫൈസൽ എസ്.	സെക്രട്ടറി	04-02-2022	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
അംബിക എൽ.	ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ(കാഞ്ഞിരപ്പള്ളി)	01-04-2021	31-03-2022
അജിത കെ. എസ്.	ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ(കാഞ്ഞിരപ്പള്ളി അഡിഷണൽ)	01-04-2021	31-03-2022
നിസാർ എ.	ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ	01-04-2021	31-03-2022
ഡോ. മാത്യു പി. തോമസ്	മെഡിക്കൽ ഓഫീസർ-FHC മുണ്ടക്കയം	01-04-2021	07-03-2022
ഡോ. ഡാലി സക്കറിയ	മെഡിക്കൽ ഓഫീസർ-FHC മുണ്ടക്കയം	08-03-2022	31-03-2022
ഡോ. രഞ്ജിനി ജോൺസൺ	മെഡിക്കൽ ഓഫീസർ-CHC കൂട്ടിക്കൽ	01-04-2021	31-03-2022
അനീഷ് വി. നായർ	പട്ടികജാതി വികസന ഓഫീസർ	01-04-2021	31-03-2022
അനിത എ. വി.	അസിസ്റ്റന്റ്	01-04-2021	31-03-2022

	ഡയറക്ടർ(കൃഷി)		
ഡോ. ബിനു ഗോപിനാഥ്	സീനിയർ വെറ്റിനറി സർജൻ	01-04-2021	31-03-2022
ജിസ ജോസഫ്	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	01-04-2021	31-03-2022
രാജൻ കെ. വി.	വ്യവസായ വികസന ഓഫീസർ	01-04-2021	31-03-2022
ഷെറിൻ അമ്പിളി ജെയിംസ്	അസിസ്റ്റന്റ് എഞ്ചിനീയർ-LSGD	01-04-2021	31-03-2022
സബിത എസ്.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ-LSGD	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്-വിശകലനം	1-1
2	വാർഷിക കണക്കുകളിലെ അപാകതകൾ	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഗ്രാന്റ് വിനിയോഗം	1-4
5	വാർഷിക പദ്ധതി അവലോകനം	1-5
6	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി	1-6
7	സാമൂഹ്യ സുരക്ഷാപദ്ധതികൾ	1-7
8	ക്യാഷ് ബാലൻസ് പരിശോധന	1-8
9	ആഭ്യന്തരനിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	രസീത് ബുക്ക് ഉപയോഗത്തിൽ അപാകത	1-11
12	ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ സമയബന്ധിതമായി ചെയ്യുന്നില്ല	1-12
13	മുൻകൂർ/അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത	1-13
14	ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയില്ല	1-14
15	2021-22 വർഷത്തെ റിഡംഷൻ തുക 570,763/- രൂപയുടെ അക്കൗണ്ടിങ്ങിൽ അവ്യക്തത	1-15
16	വാടക കണക്കുകളിലും ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പിലും അപാകതകൾ	1-16
17	മുൻകൂർ നല്കിയത്-ബാക്കിതുക തിരികെ ലഭ്യമായില്ല.	1-17
18	സാക്ഷരതാ പ്രേരകിന് ഓണറേറിയം-തുക തിരികെ ലഭ്യമായില്ല.	1-18
19	വൗച്ചറുകൾക്കൊപ്പം മതിയായ രേഖകൾ ഇല്ല-ചെലവ് തടസ്സപ്പെടുത്തുന്നു.	1-19
20	രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസ്-ജി.എസ്.ടി ഈടാക്കിയില്ല.	1-20
21	വികസനഫണ്ട്ചെലവ്-സുലേഖ കണക്കുകളിൽ ഉൾപ്പെടുന്നില്ല.	1-21
22	ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്തു-ചെലവഴിച്ച തുക നിഷ്ക്രിയ ആസ്തിയായി പരിണമിക്കുന്നു	1-22
23	പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടാതെ ചെലവഴിച്ചത് ലക്ഷങ്ങൾ - മൈക്കോളജി കുടിവെള്ള പദ്ധതി	1-23
24	തൃപ്തി കർഷക സ്വാശ്രയ സംഘത്തിന് ഡ്രയർ-225250/- രൂപയുടെ പാഴ്ചെലവ്	1-24
25	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -പ്രവൃത്തി പൂർത്തീകരിച്ചില്ല, മറ്റ് അപാകതകൾ	1-25

26	റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ കാലിബാരലിന്റെ വില ഈടാക്കുന്നില്ല	1-26
27	കുട്ടിക്കൽ സി.എച്ച്.സി.-ക്ക് 15.93 ലക്ഷം രൂപയുടെ മരുന്നുകൾ ലഭ്യമായില്ല	1-27
28	പാലിയേറ്റീവ് കെയർ-തുകയുടെ വിനിയോഗവിവരം ലഭിച്ചില്ല.	1-28
29	ലൈഫ് ഭവനപദ്ധതിക്ക് ബ്ലോക്ക് വിഹിതം-വിനിയോഗവിവരം ലഭ്യമായില്ല	1-29
30	ടെണ്ടർ എക്സസ് -അധികചെലവ്	1-30
31	പഠനമുറി നിർമ്മാണം -പൂർത്തീകരിച്ചില്ല.	1-31
32	ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്-ബ്ലോക്ക് വിഹിതം നല്കിയത് പഞ്ചായത്തുകളുടെ പദ്ധതി ചെലവിൽ ഉൾപ്പെട്ടിട്ടില്ല	1-32
33	അനുപൂരക പോഷകാഹാരം-ബ്ലോക്ക് വിഹിതം കൈമാറിയത് പഞ്ചായത്തുകളുടെ പദ്ധതി ചെലവിൽ ഉൾപ്പെട്ടിട്ടില്ല	1-33
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്-വിശകലനം

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 20/02/2021 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും 2021-22 ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	R&P പ്രകാരം
മുന്നിരിപ്പ്	7,527,505/-	9,434,530/-
വരവ്	510,831,484/-	85,982,998/-
ആകെ	518,358,989/-	95,417,528/-
ചെലവ്	517,949,714/-	77,852,515/-
നീക്കിയിരിപ്പ്	409,275/-	17,565,013/-

ബജറ്റ് പ്രകാരം 51.08 കോടി രൂപയുടെ പ്രതീക്ഷിത വരവും 51.80 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. എം.പി./എം.എൽ.എ. ഫണ്ട്, ഗ്രാമപഞ്ചായത്തുകൾക്കുള്ള തൊഴിലുറപ്പ് പദ്ധതി വിഹിതം എന്നീ ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിലുൾപ്പെടാത്ത ഫണ്ടുകളുൾപ്പടെയുള്ള ബജറ്റിൽ കണക്കാക്കിയിരിക്കുന്നതിനാൽ ധനകാര്യ പത്രികയിലെ കണക്കുമായി താരതമ്യം സാധ്യമല്ല. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്ന നിലയിൽ കൈകാര്യം ചെയ്യുന്ന ബജറ്റ് കണക്കുകൾ വേർതിരിച്ച് ഓഡിറ്റിന് തുടർ വർഷങ്ങളിൽ നൽകേണ്ടതാണ്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയത് യഥാർത്ഥ കണക്കുകളുമായി വലിയ അന്തരത്തിലാണ്. ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥത്തിലുള്ള മുന്നിരിപ്പുമായി പൊരുത്തപ്പെടുന്ന രീതിയിൽ കൃത്യമായി കണക്കാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ബജറ്റ് മുന്നൊരുക്കം നടത്തേണ്ടതാണ്. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 മുതൽ 74 വരെ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള എല്ലാ പത്രികകളും ബജറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-2 വാർഷിക കണക്കുകളിലെ അപാകതകൾ

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 62,101,761/- രൂപയും ചെലവ് 78,981,975/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 16,880,214/- രൂപയുമാണ്. 31/03/2022-ലെ ബ്ലോക്ക് പഞ്ചായത്തിന്റ ആസ്തിമൂല്യം 146,841,853/- രൂപയും ബാധ്യതകളുടെ മൂല്യം 168,425,650/- രൂപയും ജനറൽ ഫണ്ട് 21,583,797/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ ജില്ല/ഗ്രാമപഞ്ചായത്ത് വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതം എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.
3. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവ വ്യക്തമാക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. വാടക ഡി.സി.ബി. പത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ എന്നിവ ധനകാര്യ പത്രികയിലെ

കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വാടക ഡിമാന്റ് രജിസ്റ്ററിലെ ഓരോ കെട്ടിടങ്ങളുടെയും വാടക കണക്കുകൾ തയ്യാറാക്കി ക്ലോസ് ചെയ്തിട്ടില്ല.

5. 31/03/2022 ലെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ 431400116 ശീർഷകത്തിലെ നീക്കിയിരിപ്പ് 2,500/- രൂപ ഏത് കാലയളവിൽ ആരിൽ നിന്ന് ലഭിക്കാനുള്ള ലേലത്തുകയാണ് എന്നതിന്റെ വിശദാംശമില്ല.
6. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
7. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
8. ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ കൃത്യത വ്യക്തമല്ല.
9. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത റോഡുകൾ, പാലങ്ങൾ, കലുങ്കുകൾ തുടങ്ങിയവ ആസ്തിയായി 31/03/2022 ബാലൻസ് ഷീറ്റ് B-11 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്നു. ആസ്തികളുടെ കൃത്യമായ മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല എന്നതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തിമൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
10. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല.
11. 2021-22 അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സമർപ്പിക്കാതിരുന്നതിനാൽ B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.
12. Prior Period ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധികാരികത നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ വിശദീകരിച്ചിട്ടില്ല.
13. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവ് കണക്കുകൾ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽ വിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	9,434,530/-
ഓഡിറ്റ് വർഷത്തെ വരവ്	85,982,998/-
ആകെ	95,417,528/-
ഓഡിറ്റ് വർഷത്തെ ചെലവ്	77,852,515/-
നീക്കിയിരിപ്പ്	17,565,013/-
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	99,23,565/-

1-4 ഗ്രാന്റ് വിനിയോഗം

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക	ചെലവ് %
വികസന ഫണ്ട്- ജനറൽ	0	32,061,521/-	32,061,521/-	27,813,814/-	4,247,707/-	86.75
വികസന ഫണ്ട്-SCSP	0	22,605,593/-	22,605,593/-	19,324,382/-	3,281,211/-	85.49
വികസന ഫണ്ട്- TSP	0	2,842,287/-	2,842,287/-	2,596,000/-	246,287/-	91.34
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied	0	8,371,227/-	8,371,227/-	6,077,046/-	2,294,181/-	72.59
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied	0	13,099,170/-	13,099,170/-	2,116,102/-	10,983,068/-	16.15
മെയിന്റനൻസ് ഗ്രാന്റ്- Non Road	0	10,577,029/-	10,577,029/-	6,834,344/-	3,742,685/-	64.62

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 76,686/- രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

സർക്കാർ ഗ്രാന്റ് - ഇനം	സംസ്ഥാന ബജറ്റ് അലോട്ട്മെന്റ്	ക്യാരി ഓവർ അലോട്ട്മെന്റ്	ആകെ ലഭിച്ച അലോട്ട്മെന്റ്
വികസന ഫണ്ട്-General	31,236,000/-	825,521/-	32,061,521/-
വികസന ഫണ്ട്-SCSP	20,120,000/-	2,485,593/-	22,605,593/-
വികസന ഫണ്ട്-TSP	2,596,000/-	246,287/-	2,842,287/-
ധനകാര്യ കമ്മീഷൻഗ്രാന്റ് -Untied	5,816,000/-	2,460,632/- പലിശ-94,595/-	8,371,227/-
ധനകാര്യകമ്മീഷൻഗ്രാന്റ്-Tied	8,724,000/-	4,375,170/-	13,099,170/-
മെയിന്റനൻസ് ഗ്രാന്റ്-Non Road	10,462,000/-	38,343/- EVM-76,686/-	10,577,029/-

വിവിധ കേന്ദ്ര/സംസ്ഥാന സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം വികസന ഫണ്ട്(SCSP) അധിക അലോട്ട്മെന്റായി ലഭിച്ച 2,485,593/- രൂപ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ ഗ്രാന്റ് പത്രികയിലും എ.സി.ആറിലും അധിക അലോട്ട്മെന്റ് ഉൾപ്പെട്ടിട്ടില്ല.
3. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2021-22 വർഷത്തെ പ്രസ്തുത ഫണ്ട്

സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 94,595/- രൂപ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും കണക്ക് സാധൂകരിക്കുന്ന രേഖകളുടെ അഭാവവും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകുന്നത്.

1-5 വാർഷിക പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണസമിതിയോഗം 22-01-2021 ലും വർക്കിംഗ് ഗ്രൂപ്പ് യോഗം 04-02-2021 ലും നടക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത്തല ഗ്രാമസഭായോഗം 15-02-2021 ൽ നടന്നു. 19-02-2021 ൽ നടന്ന വികസനസെമിനാറിൽ അന്തിമമാക്കിയ വാർഷികപദ്ധതിക്ക് ജില്ലാതല ആസൂത്രണസമിതിയുടെ 10-03-2022 ലെ 81898/21/DPC/DPO/KTM ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു.
വാർഷികപദ്ധതിയുടെ വിവരം.

അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം	നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം.	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ചെലവ് ശതമാനം
157	97	127049577	66287012	52.17

അംഗീകാരം ലഭിച്ച 157 പ്രോജക്ടുകളിൽ 97 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ആകെ അംഗീകാരം ലഭിച്ചവയിൽ 36 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. ഇവയിൽ 24 എണ്ണം നടപ്പാക്കി. അംഗീകാരം നേടുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കാത്തതിൽ നിന്ന് പ്രോജക്ടുകൾ തയ്യാറാക്കുന്നതിലും അംഗീകാരം വാങ്ങുന്നതിലും ശരിയായ ആസൂത്രണമില്ലായ്മയും മുൻഗണനാക്രമങ്ങൾ നിശ്ചയിക്കുന്നതിൽ പാളിച്ചകൾ ഉള്ളതായും കാണുന്നു.
സെക്രട്ടറി നടപ്പിലാക്കിയ 154-ാം നമ്പർ പ്രോജക്ടിലെ തനത് ഫണ്ട് വിഹിതം ചെലവ് 213510/- രൂപയും, വ്യവസായ വികസന ഓഫീസർ നടപ്പാക്കിയ പ്രോജക്ടിലെ തനത് ഫണ്ട് ചെലവ് 5000/- രൂപയും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത വാർഷികപദ്ധതി വിശദാംശങ്ങൾ സുലേഖ സോഫ്റ്റ്വെയറിൽനിന്നുള്ള ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നിർവഹണ ഉദ്യോഗസ്ഥൻ	അംഗീകാരം ലഭിച്ച പ്രോജക്ടുകൾ	നടപ്പിലാക്കിയത്	പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക.	ചെലവ്.
1	സി.ഡി.പി.ഒ	9	7	7267940	6045400
2	സെക്രട്ടറി	40	20	45367412	17759555
3	ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ	2	2	1792574	1717574
4	മെഡിക്കൽ ഓഫീസർ, കമ്യൂണിറ്റി ഹെൽത്ത് സെന്റർ	9	9	12545946	7985664

5	പട്ടികജാതി വികസന ഓഫീസർ	2	2	7200000	6825000
6	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	4	4	2347150	1925250
7	സീനിയർ വെറ്ററിനറി സർജൻ	1	1	246560	193270
8	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	2	2	5200000	3700000
9	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	1	1	1530000	972500
10	അസിസ്റ്റന്റ് എൻജിനീയർ	87	49	43519955	19162799
		157	97	127049577	66287012

ഐ.സി.ഡി.എസ് സൂപ്പർവൈസർ, സെക്രട്ടറി ,ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ നടപ്പിലാക്കിയത് പ്രധാനമായും സംയുക്ത പ്രോജക്ടുകൾക്കായി വിഹിതം നല്കൽ പ്രവൃത്തികളാണ്. അനുപൂരക പോഷകാഹാരപരിപാടി, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്,ലൈഫ് ഭവനപദ്ധതി,പാലിയേറ്റീവ് കെയർ, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി തുടങ്ങിയവ ഇപ്രകാരമുള്ള പ്രോജക്ടുകളാണ്.

വ്യക്തിഗത പ്രോജക്ടുകളായ ഭിന്നശേഷിക്കാർക്ക് സഹായോപകരണം, ശ്രവണസഹായി തുടങ്ങിയവ സി.ഡി.പി.ഒ നടപ്പാക്കി. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർമാർക്ക് തുക അനുവദിക്കൽ, സി.എഫ്.എൽ.ടി.സി., സി.എസ്.എൽ.ടി.സി തുടങ്ങിയവ ഏർപ്പെടുത്തുക, വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ മറ്റുപകരണങ്ങൾ എന്നിവ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളിൽപ്പെടുന്നു.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നൂതന പ്രോജക്ടാണ് കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ആക്കിമാറ്റുന്നതിനുള്ള പ്രോജക്ട്. എന്നാൽ ഈ പ്രോജക്ട് പ്രകാരം കർഷകഗ്രൂപ്പിന് സബ്സിഡി നല്കി വാങ്ങിയ കാർഷികോല്പന്നങ്ങൾ ഉണക്കാൻ ഉള്ള ഡ്രയർ യൂണിറ്റ് കർഷക ഗ്രൂപ്പിന്റെ പ്രവർത്തനവൈകല്യം മൂലം നിലവിൽ നിഷ്ക്രിയാവസ്ഥയിൽ സൂക്ഷിച്ചിരിക്കുകയാണ്.ബ്ലോക്ക്തല എമർജൻസി വെറ്ററിനറിസേവനം എന്ന പ്രോജക്ട് സീനിയർ വെറ്ററിനറി സർജൻ നടപ്പിലാക്കിയ വ്യത്യസ്തമായ പ്രോജക്ടാണ്.

വ്യവസായവികസന ഓഫീസർ നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം നാല് വനിതാഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം നല്കി. പ്രസ്തുത സംരംഭങ്ങൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു.

തൊഴിൽ പരിശീലനകേന്ദ്രങ്ങളുടെയും സാംസ്കാരിക നിലയങ്ങളുടെയും പൂർത്തീകരണം റോഡുകളുടെ നവീകരണം, ടാറിംഗ്, ചെക്ക് ഡാം നവീകരണം, കുടിവെള്ളപദ്ധതികളുടെ വിപുലീകരണം എന്നിങ്ങനെ വിവിധ പ്രോജക്ടുകൾ അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കി.

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എസ്.ടി വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്, പഠനമുറി നിർമ്മാണം എന്നീ പ്രോജക്ടുകൾ നടപ്പാക്കി. എസ്.സി വിഭാഗം വിദ്യാർഥികൾക്ക് പഠനമുറി

നിർമ്മാണം എന്ന പ്രോജക്ട് മാത്രമാണ് പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയത്.

13-ാം പഞ്ചവത്സരപദ്ധതിയുടെ പൊതുലക്ഷ്യമായ തുടർച്ചാസാധ്യതയോടെയുള്ള പരിസ്ഥിതി സുരക്ഷ, സാമൂഹ്യനീതി, സാമ്പത്തികവളർച്ച എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന വാർഷികപദ്ധതി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണം, ഹരിതകേരളം എന്നീ മിഷനുകളുമായി ഏകോപിപ്പിച്ചു നടപ്പിലാക്കുന്നതിന് നിർദ്ദേശമുണ്ടായിരുന്നെങ്കിലും ആയതിന് പൂർണ്ണ ഫലപ്രാപ്തിയുണ്ടായില്ല.

വിവിധ നിർവഹണഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകൾ സമൂഹത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തിക പുരോഗതിക്കും, വിവിധ പ്രദേശങ്ങളുടെ വികസനത്തിനും സഹായകമായിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിലുൾപ്പെടെ എല്ലാ പ്രോജക്ടുകളും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നുവെന്ന് ഉറപ്പാക്കിയില്ല. പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും ദീർഘവീക്ഷണമോ, ശരിയായ ആസൂത്രണമോ ഉണ്ടാകുന്നില്ല. പ്രോജക്ടുകളുടെ നിർവഹണത്തിൽ ശരിയായ മോണിട്ടറിംഗ് ഉണ്ടായില്ല. കോവിഡ്, വെള്ളപ്പൊക്കം എന്നിവ മൂലമുണ്ടായ ദുരിതങ്ങൾ നേരിടേണ്ടി വന്നതും വാർഷിക പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു.

മരാമത്ത് പ്രവൃത്തികൾക്ക് പുറമേ ഉല്പാദന, സേവന മേഖലകളിലെ പ്രോജക്ടുകളിലൂടെ സാധാരണജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികൾ ഇനിയും ഉണ്ടാവണം. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

ലാപ്സായ തുക.

സാമ്പത്തികവർഷം അവസാനദിവസം ലഭിച്ച ഫണ്ടുകൾ ചെലവഴിക്കാൻ സാധിക്കാതെ ചുവടെ ചേർക്കുംവിധം ലാപ്സാവുകയുണ്ടായി.

ഫണ്ടിനം	ആകെ വരവ്	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം	32,061,521/-	27,813,814/-	4,247,707/-
വികസനഫണ്ട് എസ്.സി.പി	22,605,593/-	19,324,382/-	3,281,211/-
വികസനഫണ്ട് ടി.എസ്.പി	2,842,287/-	2,596,000/-	246,287/-
മെയിന്റനൻസ് ഗ്രാന്റ് റോഡിതരം	10,577,029/-	6,834,344/-	3,742,685/-
ആകെ	68086430	56568540	11517890

1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മുൻകൂർ കൊടുക്കുന്ന തുക മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്. ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

വരവ്		ചെലവ്	
മുന്നിരിപ്പ്	595312.56	ശമ്പളം	910252
അഡ്മിനിസ്ട്രേറ്റീവ് വരവ്	560589	പ്രിന്റിങ്ങ് & സ്റ്റേഷനറി	17165

പലിശ വരവ്	4827	റിപ്പയർ	9000
ജി.ഐ.എസ്. സർവേ Covid-19 Contribution	113077.5 26750	Refreshment Travelling Allowance	18365 3040
ബ്ലോക്ക് തനത് ഫണ്ട് മുൻകൂർ	965977	Covid-19 ആസ്തി	26750 13100
		മിഷൻ തിരിച്ചടവ്	18961.8
		തനത് ഫണ്ട് മുൻകൂർ തിരിച്ചടവ്	1078524
		കില ട്രെയിനിങ്ങ്	4361
		ജി.ഐ.എസ്. സർവേ	162822.5
		Bank Charges നീക്കിയിരിപ്പ്	74.06 4117.7
ആകെ	2266533.06	ആകെ	2266533.06

ഇന്ത്യൻ ഓവർസീസ് ബാങ്ക് കാഞ്ഞിരപ്പള്ളി ശാഖയിലെ 126101000004000 നം. അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്. തൊഴിലുറപ്പ് ബാങ്ക് അക്കൗണ്ട് ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ വിനിമയം ബ്ലോക്ക് പഞ്ചായത്ത് കണക്കുകളിൽ ചേർക്കേണ്ടതാണ്.

1-7 സാമൂഹ്യ സുരക്ഷാപദ്ധതികൾ

കോട്ടയം ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ 10/03/2022 ലെ SJD/KTM/DSJO/70/2022 നം. നടപടിക്രമം പ്രകാരം കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള (കാഞ്ഞിരപ്പള്ളി-1, പാറത്തോട്-1) രണ്ട് ഗുണഭോക്താക്കൾക്ക് 30,000/- രൂപ വീതം ആകെ 60,000/- രൂപ മിശ്രവിവാഹ ധനസഹായം നൽകി. Direct Benificiary Transfer (DBT) ആയിട്ടാണ് ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയത്.

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 07/03/2023 തീയതിയിൽ 03:00 PM സമയത്ത് നടത്തുകയുണ്ടായി. പരിശോധന സമയത്തെ പഞ്ചായത്തിന്റെ ക്യാഷ് ബുക്ക് പ്രകാരം ക്യാഷ് നീക്കിയിരിപ്പ് 1,272/- രൂപ ഭൗതികമായി പരിശോധിച്ച് കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന്റെ കാര്യക്ഷമത വെളിപ്പെടുത്തുന്ന മറ്റ് പല സൂചകങ്ങളും വെളിപ്പെടുത്തുന്നത് ആഭ്യന്തരനിയന്ത്രണം ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്നാണ്. അവശ്യം സൂക്ഷിക്കേണ്ട ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ ശരിയായി രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിച്ചിട്ടില്ല. തനതുഫണ്ട് ചെലവുകളുടെ

വൗച്ചറുകൾക്കൊപ്പം മതിയായ രേഖകൾ ഇല്ല. വാഹനത്തിന്റെ സർവീസ് വിരങ്ങൾ രജിസ്റ്റർ എഴുതി നിരീക്ഷിക്കുന്നില്ല. ജനറേറ്ററിന് കൃത്യമായ ഇടവേളകളിൽ ഡീസൽ വാങ്ങുന്നുവെങ്കിലും രജിസ്റ്റർ പരിപാലിക്കുന്നില്ല. വാർഷികപദ്ധതി പ്രോജക്ട് ഫയലുകൾ നിർവഹണ ഉദ്യോഗസ്ഥർ മെച്ചപ്പെട്ടരീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ കൃത്യമായ ഏകോപനത്തോടെ നടപ്പിലാക്കി സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	02/08/2022 – 12/08/2022	2019-20 & 2020-21	No.02/DPAW /KTM/2022 തീയതി – 03/02/2023
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	18/12/2015 മുതൽ 21/12/2015 വരെ	2014-15	LBA(HQ)II/8A-2177/14-15/173 തീയതി – 04/08/2014

1-11 രസീത് ബുക്ക് ഉപയോഗത്തിൽ അപാകത

സാംഖ്യ രസീതുകൾ പ്രിന്റ് ചെയ്തു നൽകുന്ന ഡോട്ട് മെട്രിക്സ് പ്രിന്റർ ഇല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസിൽ പണം സ്വീകരിക്കുന്നതിന് മാന്വൽ രസീത് നൽകി സാഖ്യയിൽ ഇന്ററപ്റ്റഡ് രസീതായി ചേർക്കുന്ന രീതിയാണ് തുടരുന്നത്. 2021-22 വർഷം 723(1-16) വരെയുള്ള രസീതുകൾ ഉപയോഗിച്ച ശേഷം ബാക്കി രസീതുകൾ റദ്ദാക്കാതെ 2022-23 വർഷവും തുടർന്ന് ഉപയോഗിച്ചിരിക്കുന്നു (723 രസീത് ബുക്കിലെ 17-ാം നമ്പർ മുതൽ). ഇപ്രകാരം നൽകുന്ന രസീതുകളുടെ അസൽ പണം ഒടുക്കുന്നവർക്ക് നൽകുകയും ഡ്യൂപ്ലിക്കേറ്റ് ഓഫീസിൽ സൂക്ഷിക്കുകയുമാണ് ചെയ്തിരിക്കുന്നത്. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-28(2)(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾസൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയും രസീതിന്റെ അസൽ ആഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. രസീതിന്റെ അസൽ സൂക്ഷിക്കാതെ ഡ്യൂപ്ലിക്കേറ്റ് ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്ന, മേൽ ചട്ടങ്ങൾക്ക് വിരുദ്ധമായ നടപടിക്കും രസീത് ഉപയോഗത്തിലെ അപാകതയ്ക്കും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15/2021-22/13.03.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. രസീത് ബുക്കുകളുടെ ഉപയോഗം സംബന്ധിച്ച അപാകത ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്. തുടർന്നുള്ള രസീത് ബുക്കിന്റെ ഉപയോഗം മേൽ ചട്ടങ്ങൾക്ക് വിധേയമായി ക്രമീകരിക്കേണ്ടതാണ്. അപാകത പരിഹരിച്ചതിന്റെ വിവരവും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധന നടത്തിയതിന്റെ വിവരവും പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

1-12 ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ സമയബന്ധിതമായി ചെയ്യുന്നില്ല

2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-57 പ്രകാരം ഓരോ മാസത്തെയും ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ തൊട്ടടുത്ത മാസം 5-ാം തീയതിക്ക് മുൻപായി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ 2021-22 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റ് നടത്തിയ മാർച്ച്-2023

സമയത്തും ജൂൺ-2022 വരെ മാത്രമാണ് പൂർത്തീകരിച്ചത്. ഓഡറ്റ് സമയത്ത് 8 മാസങ്ങളിലെ റീക്കൺസിലിയേഷൻ പൂർത്തിയാക്കാൻ അവശേഷിക്കുന്നു. തനത് ഫണ്ട് ട്രഷറി അക്കൗണ്ട് ഉൾപ്പെടെയുള്ള ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കലുകൾ, ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരമുള്ള പല ഇടപാടുകൾ എന്നിവ സാംഖ്യയിൽ അക്കൗണ്ട് ചെയ്യാനും അവശേഷിക്കുന്നു. റീക്കൺസിലിയേഷൻ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14/2021-22/13.03.2023) നൽകിയതിന് മറുപടി ലഭിച്ചില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലേഷൻ സാംഖ്യയിൽ പൂർത്തിയാക്കുന്നത് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്. നിലവിൽ റീക്കൺസിലേഷൻ ചെയ്യാനുള്ള മാസങ്ങളിലേത് പൂർത്തിയാക്കി റീക്കൺസിലേഷൻ മേൽചട്ടങ്ങൾ പ്രകാരം കാലികമാക്കി വിവരം ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

1-13 മുൻകൂർ/അഡ്വാൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത

ബ്ലോക്ക് പഞ്ചായത്ത് വിവിധ ഇനങ്ങളിലായി മുൻകൂർ കൊടുക്കുന്ന തുകകൾ, ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിവിധ ഏജൻസികളിൽ നൽകുന്ന തുകകൾ എന്നിവയുടെ ഓരോ സാമ്പത്തിക വർഷത്തെയും മുന്നിരിപ്പ് വിശദാംശം, തൻവർഷ ഇടപാടുകൾ എന്നിവ നിശ്ചിത മാതൃകയിലുള്ള അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് 2021-22 വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്തിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-32, 58(4)(ഡി) എന്നിവ പ്രകാരം മുൻകൂർ രജിസ്റ്റർ സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2021-22 വർഷം നിക്ഷേപ പ്രവൃത്തിയായി 154/22 നം. പ്രോജക്ട് പ്രകാരം കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച 559,757/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. മുൻകൂറുകളുടെ കൃത്യമായ വിവരങ്ങൾ സൂക്ഷിക്കാതിരിക്കുന്നത് മേൽചട്ടങ്ങളുടെ ലംഘനത്തിനും മുൻകൂർ തുകയുടെ ക്രമീകരണത്തിൽ അവ്യക്തതയ്ക്കും മേൽവിവരിച്ച പ്രകാരമുള്ള അക്കൗണ്ടിങ്ങ് അപാകതകൾക്കും ഇടയാക്കുന്നു. മുൻകൂറുകളുടെ വിനിമയത്തിലും രജിസ്റ്റർ സൂക്ഷിപ്പിലും നിലനിൽക്കുന്ന അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.17/2021-22/14.03.2023) നൽകിയതിന് മറുപടി ലഭ്യമായില്ല. അഡ്വാൻസ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ 2021-22 വർഷത്തേത് മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് തയ്യാറാക്കി സാമ്പത്തിക വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്. കെ.എസ്.ഇ.ബി. യിലെ നിക്ഷേപ പ്രവൃത്തിയുടെ അക്കൗണ്ടിങ്ങ് അപാകത പരിഹരിച്ച് ടി തുക നിക്ഷേപ ശീർഷകത്തിലേക്ക് ക്രമീകരിക്കേണ്ടതാണ്.

1-14 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിൽ അപാകത-കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽക്കൂട്ടിയില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം 1,244,661/- രൂപ നിക്ഷേപമിനത്തിൽ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത നിക്ഷേപങ്ങളുടെ ഓരോ ശീർഷകത്തിലെയും 01/04/2021 ലെ മുന്നിരിപ്പ് വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, ഒടുക്കിയ കാലയളവ്, ഉദ്ദേശ്യം/പ്രോജക്ട്, പ്രോജക്ട് പൂർത്തിയാക്കിയ തീയതി) ക്യാരി ഓവർ ചെയ്ത് 2021-22 ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്നതിനാൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടില്ല. 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-33, 58(3)(എ) എന്നിവ പ്രകാരം ഡെപ്പോസിറ്റ് രജിസ്റ്റർ മുന്നിരിപ്പ് വിശദാംശം ഉൾപ്പെടെ തയ്യാറാക്കി സാമ്പത്തിക വർഷാവസാനം ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത മൂലം വാടക നിക്ഷേപം ഒഴികെയുള്ള കാലഹരണപ്പെട്ട നിക്ഷേപങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാനും സാധിച്ചില്ല. ഡെപ്പോസിറ്റുകളുടെ ക്രമീകരണത്തിലെയും രജിസ്റ്റർ സൂക്ഷിപ്പിലെയും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.18/2021-22/14.03.2023) നൽകിയതിന്

മറുപടി ലഭിച്ചില്ല. 2021-22 ഡെപ്പോസിറ്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ മുന്നിരിപ്പ് വിശദാംശം ക്യാരി ഓവർ ചെയ്ത് തയ്യാറാക്കേണ്ടതും തൻവർഷ ഇടപാടുകളും സാമ്പത്തിക വർഷത്തെ സംക്ഷിപ്തവും സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്. കാലഹരണപ്പെട്ട നിക്ഷേപം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ മുതൽക്കൂട്ടേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ പൂർത്തിയാക്കിയ ശേഷം വിശദമായ മറുപടി നൽകേണ്ടതാണ്.

1-15 2021-22 വർഷത്തെ റിഡംഷൻ തുക 570,763/- രൂപയുടെ അക്കൗണ്ടിങ്ങിൽ അവ്യക്തത

ബ്ലോക്ക് പഞ്ചായത്തിന്റെ മൂന്ന് ട്രഷറി അക്കൗണ്ടുകളിലായി നിലിനിന്നിരുന്ന നീക്കിയിരിപ്പ് തുക 570,763/- രൂപ പൂർണ്ണമായും 2022 മാർച്ച് മാസം സർക്കാരിലേക്ക് തിരിച്ചെടുത്തതായി കാണുന്നു. 2021-22 വർഷം റിഡംപ്ഷനായിട്ടാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ടി തുക തുടർവർഷം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടില്ല. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

ട്രഷറി അക്കൗണ്ട്	തുക	തിരിച്ചെടുത്ത തീയതി
799011400003886	137,803/-	21/03/2022
799013100000599	320,000/-	31/03/2022
799012900000309	112,960/-	26/03/2022
ആകെ	570,763/-	

വിവിധ ട്രഷറി അക്കൗണ്ടുകളിൽ നിലനിന്നിരുന്നത് ബ്ലോക്ക് പഞ്ചായത്തിന് ബാധ്യതയായി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലുണ്ടായിരുന്ന ഗ്രാന്റ്/വിഹിതം തുകകളായിരുന്നു. തുക റിഡംപ്ഷനായി തിരിച്ചെടുത്തപ്പോൾ ബ്ലോക്ക് പഞ്ചായത്ത് ബാധ്യത ഗ്രാന്റ് ശീർഷകങ്ങളിലെ നീക്കിയിരിപ്പ് ജേർണൽ വൗച്ചറിലൂടെ ക്രമീകരിച്ച് ബാധ്യത രഹിതവുമാക്കി. റിഡംപ്ഷനായി അക്കൗണ്ട് ചെയ്യപ്പെടുന്നത് തിരികെ ലഭിക്കുന്ന തുകയായതിനാൽ ഗ്രാന്റ് തുക ജേർണൽ വൗച്ചറിലൂടെ ക്രമീകരിക്കേണ്ട ആവശ്യമില്ല. തുക സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്ന സംഗതികളിൽ ഗ്രാന്റ് തിരിച്ചടവായിട്ടാണ് അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്. ആയതിനാൽ മേൽപറഞ്ഞ മൂന്ന് ട്രഷറി അക്കൗണ്ടുകളിൽ നിന്നും സർക്കാരിലേക്ക് തിരിച്ചെടുത്ത 570,763/- രൂപ റിഡംപ്ഷൻ ആണോ സ്ഥിരമായ തിരിച്ചടവ് ആണോ എന്ന് വ്യക്തത വരുത്തേണ്ടതാണ്. റിഡംപ്ഷൻ/തിരിച്ചടവ് ഇനം ഉറപ്പാക്കിയ ശേഷം സാംഖ്യയിൽ ആവശ്യമായ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തേണ്ടതാണ്.

1-16 വാടക കണക്കുകളിലും ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പിലും അപാകതകൾ

2021-22 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ, ലഭ്യമാക്കിയ ഡി.സി.ബി. പത്രിക, ഫയലുകൾ എന്നിവയുടെ പരിശോധനയിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ വാടക കണക്കുകളിലും രജിസ്റ്റർ, അനുബന്ധരേഖകൾ എന്നിവയുടെ സൂക്ഷിപ്പിലും അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ലഭ്യമാക്കിയ ഡി.സി.ബി. പ്രകാരം ആകെ 6 കെട്ടിടമുറികളാണ് വാടകയ്ക്ക് നൽകിയത്. ഓരോ കെട്ടിടത്തിന്റയും വാടക ഡിമാന്റ്, വാടക ഒടുക്കിയതിന്റെ വിവിരം എന്നിവ പോസ്റ്റ് ചെയ്ത് ഓരോ കെട്ടിടത്തിനും 2021-22 വർഷം ലഭിച്ച വാടക എത്രയാണ് എന്ന് ഡിമാന്റ് രജിസ്റ്ററിൽ ക്രോഡീകരിച്ചിട്ടില്ല. ആയതിനാൽ ഓരോ കെട്ടിടത്തിനും 2021-22 വർഷം ലഭിച്ച വാടക എത്രയാണ് എന്ന് വ്യക്തമല്ല.
2. ലഭ്യമാക്കിയ ഡി.സി.ബി. പത്രിക പ്രകാരം 2021-22 വർഷത്തെ വാടക ഡിമാന്റ് 142,482/- രൂപയാണ്. എന്നാൽ 2021-22 ധനകാര്യ പത്രിക പ്രകാരം 80,628/- രൂപയാണ് ഡിമാന്റായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. 61,854/- രൂപ വാടക ഡിമാന്റായി അക്കൗണ്ട് ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമല്ല.
3. 2021-22 ധനകാര്യ പത്രിക പ്രകാരം തൻവർഷ വാടക വരവ് 74,182/- രൂപയാണ്. വാടക ഏതെല്ലാം കുത്തകക്കാരാണ് ഒടുക്കിയത് എന്ന് ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4. കുടിശിക വാടക ഡി.സി.ബി. പത്രിക പ്രകാരം 2021-22 വർഷം ലഭിച്ചത് 260,965/- രൂപയാണ്. ധനകാര്യ പത്രിക പ്രകാരം 50,964/- രൂപ മാത്രമാണ് വാടക കുടിശിക ലഭിച്ചത്. 210,001/- രൂപയുടെ വാടക ഒടുക്ക് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു.
5. വാടക നിക്ഷേപമിനത്തിൽ (Rent Deposit) 31/03/2022-ൽ ബാലൻസ് ഷീറ്റിലുള്ള 50,000/- രൂപ ഒടുക്കിയത് ഏതെല്ലാം കുത്തകക്കാരാണ് എന്ന് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാടക നിക്ഷേപം ഒടുക്കാത്ത കുത്തകക്കാർ ഉണ്ടോ എന്ന് വ്യക്തമല്ല.

ആകെ 6 കെട്ടിടങ്ങളുടെ മാത്രം വാടക കണക്കുകൾ കൈകാര്യം ചെയ്യുന്നതിലും രേഖകൾ സൂക്ഷിക്കുന്നതിലും മേൽവിവരിച്ച പ്രകാരമുള്ള അപാകതകൾ നിലനിൽക്കുന്നത് പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതിലെ ഗുരുതരമായ വീഴ്ചയാണ്. വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിന് മുൻപായി 2011-കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(1)(ജി) പ്രകാരം അക്രുവൽ വരവിനമായ വാടക രജിസ്റ്റർ തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതായിരുന്നു. വാടക/കുടിശിക വാടക അക്രുവൽ വരവു കണക്കുകളിലെ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.12/2021-22 തീയതി 13/03/2023) നൽകിയതിന് മറുപടി ലഭിച്ചില്ല. 2021-22 വർഷത്തെ കുടിശിക/തൻവർഷ ഡിമാന്റ് രജിസ്റ്റർ നിശ്ചിത മാതൃകയിൽ തയ്യാറാക്കി സാമ്പത്തിക വർഷത്തെ കണക്കുകൾ ക്ലോസ് ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഓരോ കുത്തകക്കാരുടെയും വാടക നിക്ഷേപത്തിന്റ വിവരവും ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. രജിസ്റ്റർ പൂർത്തിയാക്കിയ ശേഷം കൃത്യമായ കുടിശിക/തൻവർഷ ഡി.സി.ബി. പത്രിക തയ്യാറാക്കി സാക്ഷ്യപ്പെടുത്തേണ്ടതാണ്. സാക്ഷ്യപ്പെടുത്തിയ വാടക ഡിമാന്റ് രജിസ്റ്റർ , ഡി.സി.ബി. പത്രിക എന്നിവ മറുപടിയോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-17 മുൻകൂർ നല്കിയത്-ബാക്കിതുക തിരികെ ലഭ്യമായില്ല.

വൗച്ചർ നം.22100115/2-9-21 പ്രകാരം സി.എസ്.എൽ.ടി.സി യുമായി ബന്ധപ്പെട്ട ചെലവുകൾക്ക് മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുണ്ടക്കയത്തിന് 5 ലക്ഷം രൂപ മുൻകൂർ നല്കിയിരുന്നു (ചെക്ക് 5678209/31-8-21). FHC, മുണ്ടക്കയം സൂപ്രണ്ടിന്റെ 19-12-22 ലെ 853/22 വിനിയോഗ സാക്ഷ്യപത്രപ്രകാരം അഞ്ച് ലക്ഷം രൂപ മുൻകൂറായി നല്കിയതിൽ 492828 രൂപ മാത്രമാണ് ചെലവെന്നും 7172/- രൂപ ബാക്കിയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ബാക്കിതുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. 7172/- രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരിച്ചടച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-18 സാക്ഷരതാ പ്രേരകിന് ഓണറേറിയം-തുക തിരികെ ലഭ്യമായില്ല.

വൗച്ചർ നം.22100091/25-08-21 പ്രകാരം സാക്ഷരതാ പ്രേരക് ശ്രീമതി ഷീബ കെ.ആർ.-ന്റെ 2020 ഡിസംബർ മുതൽ 2021 ഫെബ്രുവരി വരെയുള്ള ഓണറേറിയം 30600/- രൂപയും (ചെക്ക് നം.5249380/9-4-21) വൗച്ചർ നം. 2210029/28-07-21 പ്രകാരം 2021 മാർച്ചിലെ ഓണറേറിയം 11250/- രൂപയും (ചെക്ക് നം.5249394/28-7-21) ഉൾപ്പെടെ ആകെ 41850/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നല്കിയിട്ടുണ്ട്. സാക്ഷരതാമിഷനിൽ നിന്ന് ഫണ്ട് ലഭ്യമാകാത്തതിനാൽ തുക റീകൂപ്പ് ചെയ്തിട്ടില്ല. തുക ലഭ്യമാകുന്ന മുറയ്ക്ക് റീകൂപ്പ് ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-19 വൗച്ചറുകൾക്കൊപ്പം മതിയായ രേഖകൾ ഇല്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

ചുവടെ ചേർക്കുന്ന വൗച്ചറുകൾക്കൊപ്പം മതിയായ രേഖകൾ ഇല്ലാത്തതിനാൽ ചെലവുകളുടെ ആധികാരികത ഉറപ്പാക്കാനാവുന്നില്ല.

ക്രമ നം.	വൗച്ചർ നം./വിശദാംശം	ലഭ്യമാകാത്ത രേഖകൾ

1	22100229/6-12-21,തുക-6000 ബ്ലോക്ക് പഞ്ചായത്ത് അസ്സോസിയേഷൻ വാർഷിക വരിസംഖ്യ	തുക ഒടുക്കിയതിന്റെ രേഖകൾ,രസീത്
2	22100238/7-12-21,തുക-5760 പഞ്ചായത്ത് രാജ് മാസിക വരിസംഖ്യ	തുക ഒടുക്കിയതിന്റെ രേഖകൾ,രസീത്
3	22100254/3-1-22,തുക-14300 കെ.എം.ടെക്നോളജീസ് ന് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നല്കിയത്	അസ്സൽ രസീതില്ല,കരാർ ഇല്ല.
4	22100367/3-3-22,തുക-5000 ഷാജിമോൻ മാത്യു വിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരികെ നല്കിയത്	അസ്സൽ രസീതില്ല,കരാർ ഇല്ല.
5	22100765/31-3-22,തുക-30080 കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ് ന് 261/21 പ്രോജക്ടിന്റെ ഗുണഭോക്തൃവിഹിതം നല്കിയത്	പ്രോജക്ടിന്റെ വിശദാംശങ്ങൾ, ഗുണഭോക്തൃവിഹിതം ശേഖരിച്ചതിന്റെ വിവരം, ഒടുക്കേണ്ട ഗുണഭോക്തൃവിഹിതം സംബന്ധിച്ച വിശദാംശങ്ങൾ,തുക കൈപ്പറ്റിയതിന്റെ രേഖകൾ
6	22100366/3-3-22,തുക-16365 റെയ്ഡ്കോ കേരള ലിമിറ്റഡ് ന് 261/21 പ്രോജക്ടിന്റെ ഗുണഭോക്തൃവിഹിതം നല്കിയത്	പ്രോജക്ടിന്റെ വിശദാംശങ്ങൾ, ഗുണഭോക്തൃവിഹിതം ശേഖരിച്ചതിന്റെ വിവരം ,ഒടുക്കേണ്ട ഗുണഭോക്തൃവിഹിതം സംബന്ധിച്ച വിശദാംശങ്ങൾ, തുക കൈപ്പറ്റിയതിന്റെ രേഖകൾ
7	22100385/4-3-22,തുക-8000 ആക്സിഡന്റ് സൈറ്റിൽ നിന്ന് KL 34 8726 ഓഫീസ് വാഹനം മാറ്റിയതിന് പ്രദീപ് പി.കെ ബ്ലോക്ക് മെംബർ ന് നല്കിയത്.	തുക കൈമാറിയതിന്റെയും ആക്സിഡന്റ് സംബന്ധിച്ചതുമായ വിവരങ്ങൾ ഇല്ല.

ചെലവ് സംബന്ധിച്ച ആധികാരിക രേഖകൾ ലഭിക്കാത്തതിനാൽ മേൽ ചേർത്ത ഇനങ്ങളിലെ 85505/-

രൂപയുടെ ആകെ ചെലവ് തടസ്സപ്പെടുത്തുന്നു. വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 19/13-3-22 ന് മറുപടി ലഭിച്ചില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-20 രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസ്-ജി.എസ്.ടി ഈടാക്കിയില്ല.

വി.ഇ.ഒ മാർക്ക് ലാപ്ടോപ്പ് നല്കൽ എന്ന സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് (155/22)പ്രകാരം ജെം പോർട്ടൽ മുഖാന്തിരം ആൽപിക് ഇൻഫോടെക് എന്ന സ്ഥാപനത്തിൽ നിന്ന് വൗ.നം 22100346/16-2-22 പ്രകാരം 346911/രൂപ തനത് ഫണ്ട് ചെലവഴിച്ച് 7 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തു.(ചെക്ക്.5678259/15-2-22)

CBEC സർക്കുലർ 65/39/2018-DOR തീയതി 14.09.2018 നമ്പർ സർക്കുലർ പ്രകാരം 1.10.2018 മുതൽ ഒറ്റ കോൺട്രാക്ടിൽ രണ്ടര ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസ് ബില്ലിൽ നിന്നും 2% ജി.എസ്.റ്റി. ഉറവിടത്തിൽ ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി തുകയ്ക്ക് മുകളിൽ മൂല്യം വരുന്ന ടി ബില്ലിൽ നിന്നും ജി.എസ്.റ്റി. ഈടാക്കാതെ മുഴുവൻ തുകയും സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ജി.എസ്.ടി തുക ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 13/16-3-23 ന് മറുപടി ലഭിച്ചില്ല. ജി.എസ്.ടി തുക ഈടാക്കി സർക്കാരിലേക്ക് ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-21 വികസനഫണ്ട്ചെലവ്-സുലേഖ കണക്കുകളിൽ ഉൾപ്പെടുന്നില്ല.

പാലിയേറ്റീവ് കെയർ ബ്ലോക്ക് വിഹിതം ഇനത്തിൽ സാംഖ്യ എ.സി.ആർ പ്രകാരം 41434 രൂപയുടെ രണ്ട് ബില്ലുകൾ യഥാക്രമം 290/25-02-2022,291/25-02-2022 നമ്പരുകളിലായി മാറിയതായും തുകകൾ പ്രോഗ്രസ്സീവ് ടോട്ടലിൽ ഉൾപ്പെടുന്നതായും കാണുന്നു. എന്നാൽ ഒരു ബിൽ പ്രകാരമുള്ള തുക മാത്രമാണ് സെക്രട്ടറി നടപ്പിലാക്കിയ 40/22 നമ്പർ പ്രോജക്ടിന്റെ ചെലവായ 668516 രൂപയിൽ ഉൾപ്പെടുത്തി ചെലവ് പത്രികയിൽ ചേർത്തിട്ടുള്ളത്. തുക ഏതെങ്കിലും ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ രേഖകളും ലഭ്യമല്ല. സംയുക്തപ്രോജക്ടായതിനാൽ ട്രഷറി ബിൽ ബുക്കിൽ ചേർത്ത് മാറിയല്ല തുക മറ്റ് സ്ഥാപനങ്ങൾക്ക് ട്രാൻസ്ഫർ ചെയ്യുന്നത്.

ഇപ്രകാരം അപാകത വന്നത് സംബന്ധിച്ചും യഥാർഥത്തിൽ ചെലവായിട്ടുണ്ടോയെന്നതിന്റെ നിജസ്ഥിതി ഉറപ്പാക്കിയും രേഖാമൂലം മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.21/15-3-22 ന് മറുപടി ലഭിച്ചില്ല. എ.സി.ആർ പ്രകാരമുള്ള 41434/- രൂപയുടെ ഒരു ബില്ല് മുഖാന്തിരമുള്ള ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി ഏറ്റെടുത്തു-ചെലവഴിച്ച തുക നിഷ്ക്രിയ ആസ്തിയായി പരിണമിക്കുന്നു

ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള ആലംപരപ്പ് എസ് സി കോളനിയിൽ കെട്ടിടനിർമ്മാണത്തിനായി 2021-22 വർഷം എസ് സി പി ഫണ്ടിൽ നിന്നും 516706/- രൂപ ചെലവഴിച്ചിട്ടുണ്ട് (പ്രോജക്ട് നമ്പർ 114/21-22). 2020-21 ൽ വികസനഫണ്ട് (എസ് സി പി) 14,94,300/- രൂപ വകയിരുത്തുകയും നാളിതുവരെ 14,68,542/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (20-21 ൽ 951836/- രൂപയും 21-22 ൽ 516706/-രൂപയും). കൂടാതെ MLA-LADS ഫണ്ടുപയോഗിച്ച് സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതീകരണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ള കെട്ടിട നിർമ്മാണത്തിന് നാളിതു വരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട്	നമ്പർ	ഫണ്ടിനം	അടങ്കൽ	ചെലവ്
1	ആലംപരപ്പ് എസ് സി കോളനി	171/19-20	എസ് സി പി	308496	308496

	സാംസ്കാരിക നിലയം				
2	ആലംപരപ്പ് എസ് സി കോളനി സാംസ്കാരിക നിലയം	188/19-20	എസ് സി പി	595831	592214
3	ആലംപരപ്പ് എസ് സി കോളനി സാംസ്കാരിക നിലയം	198/2019-20	ജനറൽ	500000	49806
4	ആലംപരപ്പ് എസ് സി വനിത നിലയം	150/20-21	എസ് സി പി	600000	593566
5	ആലംപരപ്പ് എസ് സി വനിത നിലയം	102/20-21	എസ് സി പി	1494300	951836
6	ആലംപരപ്പ് എസ് സി വനിത നിലയം	114/2021-22	എസ് സി പി	542464	516706
	ആകെ				3012624

2017-21 കാലയളവിൽ 45 ലക്ഷം രൂപയുടെ അടങ്കലിൽ ആരംഭിച്ച വനിതാ സാംസ്കാരിക നിലയം എന്ന കെട്ടിടത്തിനായി വർഷം തോറും ഫണ്ട് ചെലവഴിക്കുന്നതിനുള്ള ഉപാധി എന്നതൊഴികെ യാതൊരു വിധ

സാംസ്കാരിക പ്രവർത്തനവും നടത്തുന്നില്ല എന്ന് 10-3-23-ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

114/21-22 നമ്പർ പ്രോജക്ടിനായി മുൻ വർഷം (പാർട്ട് ബിൽ) ചെലവഴിച്ചത് 9,51,836/- രൂപയാണ്. എന്നാൽ അളവ് പുസ്തക പ്രകാരം വേലമൂല്യം 8,48,243/- രൂപയും ജി എസ് റ്റി 1,01,789/-രൂപയും ഉൾപ്പെടെ 9,50,032/- രൂപയാണ് ചെലവഴിക്കാമായിരുന്നത്. 1,804/- രൂപ അധികം പിൻവലിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

- സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് ഗ്രാമപഞ്ചായത്തുകളുടെ മേഖലാചുമതലയിൽ വരുന്ന വിഷയമാണെന്നിരിക്കെ ബ്ളോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ ബാക്വേഡ്/ഫോർവേഡ് ലിങ്കേജ് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. സാംസ്കാരിക

കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നത് നിയമാനുസൃതമല്ല.

- ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്ന് മാത്രമല്ല. കെട്ടിടം സംരക്ഷിക്കുന്നതിനും തുടർപ്രവർത്തനങ്ങൾക്കും ബ്ലോക്ക് പഞ്ചായത്തിന് സംവിധാനം ഉള്ളതായും കാണുന്നില്ല.

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 6/13-3-2023 ന് മറുപടി നല്കിയില്ല. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-23 പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടാതെ ചെലവഴിച്ചത് ലക്ഷങ്ങൾ - മൈക്കോളജി കുടിവെള്ള പദ്ധതി

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് 2021-22 വർഷം വികസനഫണ്ടിൽ നിന്നും 4 ലക്ഷം രൂപ അടങ്കലിൽ മൈക്കോളജി കുടിവെള്ള പദ്ധതിയുടെ ഭാഗമായി വാട്ടർടാങ്കിന് സംരക്ഷണ വേലിയും, പമ്പിംഗ് മെയിനും സ്ഥാപിക്കുന്നതിന് 117/2022 നമ്പരായി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിരുന്നു. എന്നാൽ നിർവ്വഹണ സമയത്ത് പമ്പിംഗ് മെയിൻ സ്ഥാപിച്ചിട്ടുള്ളതായി കണ്ടതിനെ തുടർന്ന് വിതരണ ലൈനാക്കി എസ്റ്റിമേറ്റ് പരിഷ്കരിച്ച് 391056/- രൂപ (ബിൽ നം. 11/30-12-2021) ചെലവഴിച്ചു. 10-3-2023 തീയതിയിൽ ഓഡിറ്റ് ടീം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പദ്ധതി പ്രദേശം പരിശോധിച്ചതിൽ, മുൻ വർഷങ്ങളിൽ ആരംഭിച്ച് വിവിധ ഫണ്ടുകൾ ചെലവഴിച്ചിട്ടുള്ള കുടിവെള്ള പദ്ധതിയുടെ ടാങ്കിലേക്ക് നാളിതു വരെ വെള്ളം എത്തിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ബോധ്യപ്പെട്ടു. 5000 ലിറ്ററിന്റെ 4 ടാങ്കുകൾ,75 മി മി 10 കെ ജി, എച്ച് ഡി പൈപ്പ് ഉപയോഗിച്ച് പമ്പിംഗ് മെയിൻ 63മി മി 10 കെ ജി, എച്ച് ഡി പൈപ്പ് ഉപയോഗിച്ചുള്ള (2എണ്ണം) വിതരണ ലൈനുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ടാങ്കുമായി ബന്ധിപ്പിക്കാതെ മീറ്ററിന് 444/- രൂപ വില വരുന്ന 75 മി മി 10 കെ ജി പൈപ്പ് (1 എണ്ണം) ടാങ്കിന് സമീപം വരെ വലിച്ചിട്ടുമുണ്ട്. ഇതിന്റെ ആവശ്യം വ്യക്തമല്ല. സമീപ വാസികൾ അറിയിച്ചതനുസരിച്ച് മൈക്കോളജിയുടെ പരിസരപ്രദേശങ്ങളിലെല്ലാം തന്നെ വിതരണലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്.

മുണ്ടക്കയം ഗ്രാമപഞ്ചായത്ത് മൈക്കോളജി ഭാഗത്ത് ജലസംഭരണിയും, മുണ്ടക്കയം ആറിന് സമീപം (കോസ് വേ) പമ്പ്ഹൗസും കിണറുമായി ആരംഭിച്ചതാണ് മൈക്കോളജി കുടിവെള്ള പദ്ധതി. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കിണർ, മോട്ടോർ, പമ്പ്ഹൗസ്, വാട്ടർടാങ്ക് എന്നിവ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചും വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള പ്ലാറ്റ്ഫോം, പമ്പിംഗ് മെയിൻ എന്നിവ MLA-LADS ഫണ്ട് ഉപയോഗിച്ചും പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂടാതെ വിതരണലൈനുകൾ മുണ്ടക്കയം ഗ്രാമപഞ്ചായത്തും ഏറ്റെടുത്ത് ചെയ്തിട്ടുണ്ട്.

വിവിധ ഫണ്ടുകൾ ചെലഴിച്ചിട്ടുള്ള പ്രോജക്ടിന്റെ ആസ്തി വിവരമോ (പമ്പിംഗ് *വിതരണ പൈപ്പുകളുടെ നീളം, സ്ഥലം,*

മോട്ടോർ ടാങ്ക്) ആകെ ചെലവോ ലഭ്യമല്ല. ഓരോ വർഷവും ബ്ലോക്ക് പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത് ഫണ്ട് വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്യുന്നുണ്ട്. കുടിവെള്ള പദ്ധതിയുടെ പമ്പിംഗ്/വിതരണ പൈപ്പുകളുടെ നീളം, സ്ഥലം, മോട്ടോർ, ടാങ്ക് തുടങ്ങിയവ ഉൾപ്പെടുത്തിയ രൂപരേഖ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ യഥാർത്ഥത്തിൽ ആവശ്യമുള്ള സ്ഥലത്താണ് പൈപ്പുകൾ സ്ഥാപിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിന് കഴിയുന്നില്ല. മുൻവർഷങ്ങളിൽ സ്ഥാപിച്ചതും ഒരിക്കൽ പോലും ഉപയോഗിച്ചിട്ടില്ലാത്തതുമായ മോട്ടോർ, പമ്പ് ഹൗസ്, കിണർ എന്നിവയ്ക്ക് പ്രളയത്തിൽ കേടുപാടുകൾ സംഭവിക്കുകയും ആയവ പരിഹരിച്ച് വരുന്നതായും, വൈദ്യുത കണക്ഷന് വൈദ്യുതി വകുപ്പിൽ തുക അടച്ചതായും മുണ്ടക്കയം പഞ്ചായത്ത് മെമ്പർ അറിയിച്ചു. കുടിവെള്ള പദ്ധതിയുടെ ആസ്തി വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയവ നഷ്ടപ്പെട്ടാൽ അറിയുന്നതിന് പോലും മാർഗ്ഗമില്ല. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തമ്മിൽ ഏകോപനമില്ലാത്തതിനാൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്ന പ്രോജക്ടുകളിൽ ആവർത്തനം വരുകയും പിന്നീട് പ്രോജക്ട് പരിഷ്കരിക്കേണ്ടതായും വരുന്നു.

ജലസേചന/കുടിവെള്ള പദ്ധതികളിൽ ജലസ്രോതസ്സിൽ നിന്നും വെള്ളം ടാങ്കിൽ എത്തിച്ച് ലഭ്യത ഉറപ്പുവരുത്തുകയും തുടർന്ന് ആവശ്യാനുസരണം വിതരണലൈനുകൾ സ്ഥാപിച്ച് വിതരണം ചെയ്യുകയും ഗുണഭോക്തൃകമ്മറ്റി രൂപീകരിച്ച് തുടർ ചുമതലകൾ അവരെ ഏൽപ്പിക്കുകയുമാണ് ചെയ്യേണ്ടത്. നിലവിൽ ലക്ഷങ്ങൾ മുടക്കി വിതരണ ലൈനുകൾ സ്ഥാപിക്കുമ്പോഴും ജലലഭ്യത ഉറപ്പുവരുത്തിയിട്ടില്ല. മുൻ വർഷങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പമ്പിംഗ് വിതരണ ലൈനുകൾ എല്ലാം (ടാങ്കിലേക്കും ടാങ്കിൽ നിന്നും) തന്നെ 75 എം എം/ 63എം എം എച്ച് ഡി പൈപ്പുകൾ 10 കെ ജി ഗ്രേഡിലുള്ളതാണ്. ഇതിൽ വിതരണ ലൈനിന് തുടർച്ചയായി വില കൂടിയ 75 എം എം എച്ച് ഡി പൈപ്പുകൾ 12.50 കെ ജി ഗ്രേഡിലുള്ളത് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും ബോധ്യപ്പെട്ടിട്ടില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നല്കിയില്ല. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും ലക്ഷങ്ങൾ ചെലവഴിച്ച പദ്ധതി അടിയന്തിരമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കേണ്ടതുമാണ്. ആയതുവരെ ഈ ഇനത്തിൽ ഓഡിറ്റ് വർഷം ചെലവഴിച്ച 3,91,056/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 തൃപ്തി കർഷക സ്വാശ്രയ സംഘത്തിന് ഡ്രയർ-225250/- രൂപയുടെ പാഴ്ചെലവ്

അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 ൽ ഏറ്റെടുത്തതാണ് കാർഷിക ഉൽപന്നങ്ങൾ മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിന് സഹായം എന്ന 24/21-22 നമ്പർ പ്രോജക്ട്. വികസനഫണ്ടിൽ നിന്നും 3 ലക്ഷം രൂപ വകയിരുത്തി 225250/- രൂപ (ബിൽ നം./തീയതി 08/26-3-2022) ചെലവഴിച്ച് തൃപ്തി കർഷക സ്വാശ്രയ സംഘത്തിന് ഡ്രയർ വാങ്ങി നല്കുകയാണ് ചെയ്തത്. സുഭിക്ഷകേരളം പദ്ധയിയിൽ ഉൾപ്പെട്ടതെങ്കിലും സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ നൂതന പ്രോജക്ടായാണ് നിർവ്വഹണം നടത്തിയത് .

10/3/2022 തീയതിയിൽ ഓഡിറ്റ് ടീം തൃപ്തി കർഷക സ്വാശ്രയ സംഘം സന്ദർശിച്ച് പരിശോധിച്ച വേളയിൽ പ്രോജക്ട് പ്രകാരം വാങ്ങി നല്കിയ ഡ്രയർ സംഘത്തിന്റെ ഓഫീസിനോട് ചേർന്ന മുറിയിൽ സ്ഥാപിച്ചിട്ടുണ്ട് എങ്കിലും ഒരിക്കൽ പോലും ഉപയോഗിച്ചിട്ടില്ല എന്ന് സംഘം ഭാരവാഹികൾ തന്നെ അറിയിച്ചു. നിലവിൽ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള പൊടിമില്ലും, എണ്ണ എടുക്കുന്ന ചക്കും സംഘം നേരിട്ടല്ല നടത്തുന്നതെന്നും ഇവിടെ ആവശ്യമുള്ള കൊപ്ര പുറത്തു നിന്നു വാങ്ങുകയാണെന്നും നാട്ടിൽ നിന്നും വാങ്ങി ഡ്രയർ ഉപയോഗിച്ച് ഉണക്കിയെടുക്കുന്നത് സാമ്പത്തിക നഷ്ടം വരുത്തുമെന്നും അറിയിച്ചു. ഇതിനാൽ തന്നെ യഥാർത്ഥ

ആവശ്യക്കാർക്കല്ല സബ്സിഡി നല്കിയത് എന്ന് വ്യക്തമാണ്.

ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുകയോ മെഷീൻ ഫലപ്രദമായി ഉപയോഗിക്കുന്നതിന് മതിയായ ഇടപെടലുകൾ നടത്തുകയോ ചെയ്യേണ്ടതാണ്. മെഷീൻ പ്രവർത്തനക്ഷമമാകാത്ത സാഹചര്യത്തിൽ 2,25,250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ -പ്രവൃത്തി പൂർത്തീകരിച്ചില്ല, മറ്റ് അപാകതകൾ

സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ട് നം.154/22 പ്രകാരം കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ് 3ൽ കള്ളിപ്പാറ വണ്ടൻപുറം മഹാകാളിപാറ എന്നിവിടങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ എന്ന പ്രവൃത്തിക്കായി വികസനഫണ്ട് എസ്.സി.പി 346247/- രൂപ, തനത് ഫണ്ട് 213510/- രൂപ വീതം (ആകെ- 559757) യഥാക്രമം ട്രഷറി ബിൽ നം.20/22-11-21, വൗച്ചർ നം.22100193/22-11-21 പ്രകാരം കെ.എസ്.ഇ.ബി.യുടെ ബാങ്ക് അക്കൗണ്ടിലേക്ക് മാറി നല്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഇല്ല. കൂടാതെ പ്രവൃത്തിക്കായി എസ്.സി.പി ഫണ്ട് ഉപയോഗിച്ചതിന്റെ സാഹചര്യം വ്യക്തമല്ല. എസ്.സി.പി ഫണ്ട് ഉപയോഗിക്കുന്നതിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വേണമെന്നിരിക്കെ ഇത് പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യുമായി കരാർ വച്ചതിന്റെയും വിവരങ്ങൾ ഇല്ല. തനത് ഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖ കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരണവിവരം ഇല്ലാത്തതിനാലും മേൽ വിവരിച്ച മറ്റ് അപാകതകൾ ഉള്ളതിനാലും മേൽ പ്രോജക്ടിനായുള്ള 559757/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ കാലിബാരലിന്റെ വില ഈടാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ 2021-22 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ള ബിറ്റുമിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക പാക്ക്ഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ബാരൽ വില (238+18%GST) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകേണ്ടതായിരുന്നു. ഇതുചെയ്യാത്തതുമൂലം ബ്ലോക്ക് പഞ്ചായത്ത് വിവിധ വർക്കുകളിലെ കരാറുകാർക്ക് അധികം തുക നൽകുവാൻ ഇടയായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട്/ നമ്പർ	ഉപയോഗിച്ച ബാരലുകളുടെ എണ്ണം	ഈടാക്കേണ്ടിയിരുന്ന തുക
1	ചെറുവള്ളി-കറിക്കാട്ടൂർ റോഡ് ,34/22	27	6426+1157 ജി എസ് റ്റി
2	മുക്കട-വിലാസിനിക്കുന്ന് റോഡ്, 128/22	16	3808+685 ജി എസ് റ്റി
3	അമരാവതി -മഠംപടി റോഡ് ,31/22	11	2618+471 ജി എസ് റ്റി

മേൽ പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ബാരൽ വില ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (8/13-3-2023) മറുപടി നല്കിയില്ല. 2021-22 വർഷം നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും കാലിബാരലിന്റ വില ജി എസ് റ്റി സഹിതം ഈടാക്കി വില സർക്കാരിലേക്കും ജി

എസ് റ്റി ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിലും അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-27 കൂട്ടിക്കൽ സി.എച്ച്.സി.-ക്ക് 15.93 ലക്ഷം രൂപയുടെ മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.-കൂട്ടിക്കൽ) 2021-22 വർഷം മരുന്ന് വാങ്ങലിനായി 39/22, 164/22 എന്നീ പ്രോജക്ടുകൾ പ്രകാരം Kerala Medical Services Corporation Ltd. (KMCSL)-ൽ വിവിധ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തുക അടവാക്കിയെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല. KMCSL-ൽ നിന്ന് മരുന്നുകൾ ലഭ്യമാകാത്ത പ്രോജക്ട് ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	പെർഫോമ ഇൻവോയ്സ്	ചെലവ് തുക	ബിൽ നം. (സംരക്ഷണ ഗ്രാന്റ്-നോൺ റോഡ്)
1.	39/22	PRF666/14.06.2021	394,065/-	12/29.06.2021
2.	39/22	PRF712/16.06.2021	321,431/-	13/29.06.2021
3.	39/22	PRF974/29.06.2021	400,000/-	44/27.08.2021
4.	164/22	PRF4402/27.12.2021	20,698/-	198/06.01.2022 -238,281/-
5.	164/22	PRF4420/27.12.2021	197,670/-	
6.	164/22	PRF4421/27.12.2021	19,913/-	
7.	164/22	PRF4985/21.01.2022	53,035/-	229/25.01.2022 -239,470/-
8.	164/22	PRF4987/21.01.2022	186,435/-	
ആകെ ലഭിക്കാനുള്ള മരുന്നുകൾ			1,593,247/- രൂപ	

പ്രോജക്ട് നം.39/22 പ്രകാരം ചെലവുള്ള 1,296,276/- രൂപയിൽ KMCSL-ൽ അടവാക്കിയ 1,115,496/- രൂപയുടെയും പ്രോജക്ട് നം.164/22 പ്രകാരം 477,751/- രൂപയുടെയും ഉൾപ്പെടെ ആകെ 1,593,247/- രൂപയുടെ മരുന്നുകളാണ് 2021-22 വർഷം KMCSL-ൽ നിന്നും ലഭിക്കാനുള്ളത്. പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമാകാത്തതിന് വിശദീകരണവും മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/2021-22/13.03.2023) മറുപടി ലഭിച്ചില്ല. മേൽ പ്രോജക്ടുകൾ പ്രകാരമുള്ള മുഴുവൻ മരുന്നുകളും സി.എച്ച്.സി.യിൽ ലഭ്യമാക്കി സ്റ്റോക്കിൽ ചേർത്തതിനു ശേഷം സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയ ടാക്സ് ഇൻവോയ്സുകൾ ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്. മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 1,593,247/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 പാലിയേറ്റീവ് കെയർ-തുകയുടെ വിനിയോഗവിവരം ലഭിച്ചില്ല.

സെക്രട്ടറി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ടിനായി (പ്രോജക്ട് നം. 40/22) ഗ്രാമപഞ്ചായത്തുകൾക്ക് പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് വിഹിതം നല്കിയിട്ടുണ്ട്. എന്നാൽ തുക പ്രോജക്ടിനായി വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്ത്	ബില്ലുകളുടെ വിവരം /തുക	ആകെ തുക
മണിമല	202/7-1-22-136176 355/22-3-22-63020	199196
കോരുത്തോട്	237/1-2-22-38462 302/7-3-22-42768 290/25-2-22-41434 357/22-3-22-104203	351700

	384/26-3-22-124833	
കൂട്ടിക്കൽ	288/25-2-22-37230 383/26-3-22-40000 238/1-2-22-40390	117620
ആകെ		668516

തുകയുടെ വിനിയോഗരേഖകൾ ലഭ്യമാക്കേണ്ടതാണ്. വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പ്രോജക്ടിനായുള്ള 668516/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-29 ലൈഫ് ഭവനപദ്ധതിക്ക് ബ്ലോക്ക് വിഹിതം-വിനിയോഗവിവരം ലഭ്യമായില്ല

ലൈഫ് ഭവനപദ്ധതി പ്രോജക്ടിനായി ബ്ലോക്ക് വിഹിതം ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് തുക നല്കിയെങ്കിലും മുഴുവൻ തുകകളുടെയും വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല . വിവരം ചുവടെ ചേർക്കുന്നു.

1 .പ്രോജക്ട് നം. 001/22,ജനറൽ വിഭാഗം. (വികസനഫണ്ട് പൊതുവിഭാഗം)

ഗ്രാമപഞ്ചായത്ത്	നല്കിയ തുക	വിനിയോഗവിവരം ലഭിച്ചത്	വിനിയോഗവിവരം ലഭിക്കാൻ അവശേഷിക്കുന്നത്
മണിമല	1125000	ലഭിച്ചില്ല	1125000
കോരുത്തോട്	1280000	1000000	280000
പാറത്തോട്	920000	320000	600000
കൂട്ടിക്കൽ	810000	ലഭിച്ചില്ല	810000

2.പ്രോജക്ട് നം.003/22,എസ്.സി.പി.(വികസനഫണ്ട് എസ്.സി.പി)

ഗ്രാമപഞ്ചായത്ത്	നല്കിയ തുക	വിനിയോഗവിവരം ലഭിച്ചത്	വിനിയോഗവിവരം ലഭിക്കാൻ അവശേഷിക്കുന്നത്
മണിമല	2207200	ലഭിച്ചില്ല	2207200
കോരുത്തോട്	496000	320000	176000
കൂട്ടിക്കൽ	760000	ലഭിച്ചില്ല	760000

3.പ്രോജക്ട് നം.004/22,ടി.എസ്.പി.(വികസനഫണ്ട് ടി.എസ്.പി)

ഗ്രാമപഞ്ചായത്ത്	നല്കിയ തുക	വിനിയോഗവിവരം ലഭിച്ചത്	വിനിയോഗവിവരം ലഭിക്കാൻ അവശേഷിക്കുന്നത്
മണിമല	202200	ലഭിച്ചില്ല	202200
പാറത്തോട്	38400	ലഭിച്ചില്ല	38400
കൂട്ടിക്കൽ	160000	ലഭിച്ചില്ല	160000

വിനിയോഗരേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.5/13.03.23 ന് മറുപടി ലഭ്യമായില്ല. വിനിയോഗവിവരം ലഭിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 6358800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 ടെണ്ടർ എക്സസ് -അധികചെലവ്

പ്രോജക്ട്/ നമ്പർ	എരുമേലി ഒഴുക്കനാട് വനിതാ സാംസ്കാരിക നിലയം

	പരിശീലന കേന്ദ്രം പൂർത്തീകരണം, 27/2022, 57/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
ഫണ്ടിനം	വികസനഫണ്ട് (ജനറൽ)
അടങ്കൽ	900000/- + 86016 തനത് ഫണ്ട്(22-23)
ചെലവ്	986016/-
കരാറുകാരൻ	ഗോപാലൻ പി ആർ

എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 4.93% കൂടിയ നിരക്ക് രേഖപ്പെടുത്തിയ (ഇ-ടെണ്ടർ) കരാറുകാരനുമായി കരാർ ചമക്കുകയും സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 10-6-22 തീയതിയിൽ പ്രവത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കി നല്കിയിട്ടുണ്ട്. ടെണ്ടർ എക്സസ് നല്കുന്നതിന് 2021-22 ൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 2022-23 ലാണ് തുക നല്കിയത്. പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരന് അധിക തുക നല്കിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

<u>ചെലവ് വിവരം</u>

805849	ബിൽ നം 48/30-3-22
94151	12-9-22 (2022-23)
86016	12-9-22 (2022-23)
986016	

	Ist & Part Bill	II& Final Bill	ആകെ ചെലവഴിച്ചത്	ആകെ ചെലവഴിക്കാവുന്നത്
വേലമൂല്യം	719508	119500	839008	839008
ടെണ്ടർ എക്സസ്		41363	41363	-
GST 12%	86341	19304	105645	100680
	805849	180167	986016	939688
ആകെ അധികം ചെലവഴിച്ച് 986016-939688=46328				

ടെണ്ടർ എക്സസ് ഉൾപ്പെടെയുള്ള തുകയാണ് കരാറുകാരൻ രേഖപ്പെടുത്തുന്നത് എന്നതിനാൽ ഫൈനൽ ബിൽ തയ്യാറാക്കുമ്പോൾ ടെണ്ടർ എക്സസ് വേല മൂല്യത്തോടൊപ്പം കൂട്ടേണ്ടതില്ല. ഇതിന് വിരുദ്ധമായി ചെയ്തതുമൂലം ടെണ്ടർ എക്സസസിൽ ആവർത്തനം വരികയും 46328/- രൂപയുടെ അധികച്ചെലവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. 2022-23 വർഷത്തെ ചെലവായതിനാൽ സമാന രീതിയിൽ ടെണ്ടർ എക്സസ് നല്കിയ മുഴുവൻ ഫയലുകളും പുന പരിശോധിച്ച് അധികചെലവ് ഉണ്ടായിട്ടുണ്ട് എങ്കിൽ കരാറുകാരിൽ നിന്ന് തിരികെ ഈടാക്കി നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലടച്ച് രേഖകൾ 2022-23 ഓഡിറ്റ് സമയത്ത് ഹാജരാക്കേണ്ടതാണ്.

<u>1-31 പഠനമുറി നിർമ്മാണം -പൂർത്തീകരിച്ചില്ല.</u>

നിർവഹണ ഉദ്യോഗസ്ഥൻ-പട്ടികജാതി വികസന ഓഫീസർ.

ചുവടെ ചേർക്കുന്ന ഗുണഭോക്താവ് പഠനമുറിനിർമ്മാണത്തിനായി രണ്ട് ഗഡു തുക കൈപ്പറ്റിയെങ്കിലും പഠനമുറിനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഗുണഭോക്താവ്	കൈപ്പറ്റിയതുക	അവസാന ഗഡു കൈപ്പറ്റിയ തീയതി

അമന്യമോൾ ബിനു, മൈലപ്പറമ്പിൽ, ആനക്കല്ല് പി.ഒ കാഞ്ഞിരപ്പള്ളി.	125000	30-12-2021

ഗുണഭോക്താവ് പഠനമുറി നിർമ്മാണം പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-32 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്-ബ്ലോക്ക് വിഹിതം നല്കിയത് പഞ്ചായത്തുകളുടെ പദ്ധതി ചെലവിൽ ഉൾപ്പെട്ടിട്ടില്ല

പ്രോജക്ട്-ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്-അധിക വിഹിതം നൽകൽ (99/22)
അടങ്കൽ-10.16 ലക്ഷം[ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)]
ചെലവ്-10.16 ലക്ഷം
നിർവ്വഹണം-സി.ഡി.പി.ഓ.(കാഞ്ഞിരപ്പള്ളി അഡിഷണൽ)
പ്രസ്തുത പ്രോജക്ടിൽ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട 7 ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിന് 05/10/2021 ലെ ICDS/KM/171/2021 നം. കത്ത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ റിക്വസിഷൻ നല്കി. ആയതിൻ പ്രകാരം പ്രോജക്ടിൽ 10.16 ലക്ഷം രൂപ ചെലവുള്ളതായി 2021-22 ബ്ലോക്ക് പഞ്ചായത്തിന്റെ സുലേഖ ചെലവ് പത്രികയിൽ കാണുന്നു. മുണ്ടക്കയം, കൂട്ടിക്കൽ എന്നീ 2 പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ടി പ്രോജക്ട് പ്രകാരമുള്ള ചെലവ് ഉൾപ്പെട്ടതായും ബാക്കി 5 പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ ടി പ്രോജക്ട് പ്രകാരമുള്ള ചെലവ് ഉൾപ്പെട്ടിട്ടില്ല എന്നും പരിശോധനയിൽ കാണുന്നു. പഞ്ചായത്തുകളിൽ 2021-22 വാർഷിക പദ്ധതിയുടെ ഭാഗമാകാത്ത ബ്ലോക്ക് വിഹിതം ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	ചെലവ് തുക	ബിൽ നം./തീയതി ബ്ലോക്ക് പഞ്ചായത്ത് ACR പ്രകാരം
കാഞ്ഞിരപ്പള്ളി	166,000/-	171/20-12-2021
മണിമല	132,700/-	172/20-12-2021
പാറത്തോട്	183,300/-	174/22-12-2021
എരുമേലി	177,000/-	149/13-12-2021
കോരുത്തോട്	77,500/-	ബിൽ തുക 254,500/- രൂപ
ആകെ	736,500/-	

മേൽ പട്ടികയിലുള്ള 5 പഞ്ചായത്തുകളിലും പ്രോജക്ട് തുക ചെലവഴിച്ചതായി ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത് പ്രോജക്ട് ഫയലിൽ കാണുന്നു. എന്നാൽ പഞ്ചായത്തിന്റെ TR-59(E) സാംഖ്യ ബില്ലുകൾ വിനിയോഗ സാക്ഷ്യപത്രത്തിനൊപ്പം ഹാജരാക്കിയിട്ടില്ല. 2021-22 വാർഷിക പദ്ധതിയിൽ പ്രോജക്ടിന്റെ ഭാഗമായി ചെലവഴിക്കാതെ മേൽ പ്രോജക്ട് പ്രകാരം 5 പഞ്ചായത്തുകൾക്ക് നൽകിയ ബ്ലോക്ക് വിഹിതം 736,500/- രൂപ പഞ്ചായത്തുകളിൽ ചെലവഴിച്ചതിന് ആധികാരികമായ വിശദീകരണം ബന്ധപ്പെട്ട എല്ലാ അനുബന്ധ രേഖകളുടെയും പകർപ്പ് ഉൾപ്പടെ നിർവ്വഹണ ഉദ്യോഗസ്ഥനും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2021-22/09.03.2023) നൽകിയിരുന്നു. 736,500/- രൂപയുടെ ചെലവിന്റെ വിനിയോഗസാക്ഷ്യപത്രവും ഗുണഭോക്താക്കൾക്ക് തുക ട്രാൻസ്ഫർ ചെയ്ത ബ്ലോക്ക് പഞ്ചായത്ത് ബില്ലുകളും നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കി. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി ചെലവിന്റെ ഭാഗമായി എന്ന് പഞ്ചായത്തുകളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നൽകുമ്പോൾത്തന്നെ നിർവ്വഹണ ഉദ്യോസ്ഥർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. മേൽപറഞ്ഞ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ചെലവിൽ ബ്ലോക്ക് വിഹിതം

ഉൾപ്പെടാത്തത് സംബന്ധിച്ച അപാകത ഐ.കെ.എം.ന്റെ സാങ്കേതിക സഹായത്തോടെ പരിഹരിക്കേണ്ടതാണ്. ചെലവ് അക്കൗണ്ടിങ്ങിലെ സാങ്കേതിക അപാകത പരിഹരിച്ച് വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്.

1-33 അനുപൂരക പോഷകാഹാരം-ബ്ലോക്ക് വിഹിതം കൈമാറിയത് പഞ്ചായത്തുകളുടെ പദ്ധതി ചെലവിൽ ഉൾപ്പെട്ടിട്ടില്ല

പ്രോജക്ട്-അങ്കണവാടി പോഷകാഹാരം-അധിക വിഹിതം നൽകൽ(100/22)

അടങ്കൽ-8 ലക്ഷം[ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)]

ചെലവ്-8 ലക്ഷം

നിർവ്വഹണം-സി.ഡി.പി.ഓ.(കാഞ്ഞിരപ്പള്ളി)

മേൽ പ്രോജക്ടിൽ മുണ്ടക്കയം, കാഞ്ഞിരപ്പള്ളി, കോരുത്തോട് ഗ്രാമപഞ്ചായത്തുകൾക്ക് അങ്കണവാടി പോഷകാഹാരത്തിനായി 8 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതി ചെലവിൽ മാത്രമാണ് 2 ലക്ഷം രൂപ ബ്ലോക്ക് വിഹിതം ചെലവ് ഉൾപ്പെട്ടിട്ടുള്ളത്. ബാക്കി 6 ലക്ഷം രൂപയുടെ ചെലവ് ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി ചെലവായി ഉൾപ്പെട്ടിട്ടില്ല (വിശദാംശം പട്ടികയിൽ).

ഗ്രാമപഞ്ചായത്ത്	ചെലവ് തുക	ബിൽ നം./തീയതി ബ്ലോക്ക് പഞ്ചായത്ത് ACR പ്രകാരം
കാഞ്ഞിരപ്പള്ളി	400,000/-	180/29-12-2021
കോരുത്തോട്	200,000/-	146/12-12-2021
ആകെ	600,000/-	

കാഞ്ഞിരപ്പള്ളി, കോരുത്തോട് പഞ്ചായത്തുകളിൽ പ്രോജക്ട് തുക ചെലവഴിച്ചതായി ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ വിനിയോഗ സാക്ഷ്യപത്രം നൽകിയതായി പ്രോജക്ട് ഫയലിൽ കാണുന്നു. എന്നാൽ പഞ്ചായത്തിന്റെ TR-59(E) സാംഖ്യ ബില്ലുകൾ വിനിയോഗ സാക്ഷ്യപത്രത്തിനൊപ്പം ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചാത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ പ്രോജക്ടിന്റെ ഭാഗമായി ചെലവഴിക്കാതെ മേൽ പ്രോജക്ട് പ്രകാരം 2 പഞ്ചായത്തുകൾക്ക് നൽകിയ ബ്ലോക്ക് വിഹിതം 6 ലക്ഷം രൂപ പഞ്ചായത്തുകളിൽ ചെലവഴിച്ചതിന് ആധികാരികമായ വിശദീകരണം ബന്ധപ്പെട്ട എല്ലാ അനുബന്ധ രേഖകളുടെയും പകർപ്പ് ഉൾപ്പടെ നിർവ്വഹണ ഉദ്യോഗസ്ഥനും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2021-22/09.03.2023) നൽകിയിരുന്നു. 6 ലക്ഷം രൂപ ചെലവിന്റെ വിനിയോഗ സാക്ഷ്യപത്രവും ഗുണഭോക്താക്കൾക്ക് തുക ട്രാൻസ്ഫർ ചെയ്ത ബ്ലോക്ക് പഞ്ചായത്ത് ബില്ലുകളും നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കി. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതി ചെലവിന്റെ ഭാഗമായി എന്ന് പഞ്ചായത്തുകളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നൽകുമ്പോൾത്തന്നെ നിർവ്വഹണ ഉദ്യോസ്ഥർ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. മേൽപറഞ്ഞ പഞ്ചായത്തുകളുടെ വാർഷിക പദ്ധതി ചെലവിൽ ബ്ലോക്ക് വിഹിതം ഉൾപ്പെടാത്തത് സംബന്ധിച്ച അപാകത ഐ.കെ.എം.ന്റെ സാങ്കേതിക സഹായത്തോടെ പരിഹരിക്കേണ്ടതാണ്. ചെലവ് അക്കൗണ്ടിങ്ങിലെ സാങ്കേതിക അപാകത പരിഹരിച്ച് വിശദാംശം മറുപടിയിൽ അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 23/05/2022-ലെ 6(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 24/05/2022 ലെ ബി/എച്ച്.എ.-1285/2022 നം. കത്തു മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 07/03/2023-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 2 ലക്ഷം രൂപ പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭിച്ചിട്ടുണ്ട്. വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

വിഹിതം നല്കിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
കോട്ടയം ജില്ല പഞ്ചായത്ത്	2021-22	200,000/-	ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം(8/22)	200,000/-	0
	ആകെ	200,000/-	ജില്ല പഞ്ചായത്ത് വിഹിതം	200,000/-	0

ഗ്രാമപഞ്ചായത്ത് വിഹിതമായി 3.2 ലക്ഷം രൂപ ലഭിച്ചതായി റിസീപ്റ്റ് & പേമെന്റ് പത്രികയിൽ കാണുന്നു. പ്രസ്തുത വിഹിതം സംബന്ധിച്ച വിശദാംശം ലഭ്യമല്ല.

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് KSEB യിൽ 559,757/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങളും വിനിയോഗ വിവരവും താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.)	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KSEB	കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് വാർഡ്-3 കള്ളിപ്പാറ	559,757/-	ഇല്ല	559,757/-

	വണ്ടൻപുറം മഹാകാളിപ്പാറ എന്നിവിടങ്ങളിൽ ലൈൻ എക്സ്റ്റെൻഷൻ(154/22)			
ആകെ		559,757/-	-	559,757/-

പ്രോജക്ട് നം.154/22 പ്രകാരം KSEB-യിൽ നിക്ഷേപിച്ച 559,757/- രൂപ നിക്ഷേപ പ്രവൃത്തികൾക്കുള്ള മുൻകൂറായി 460500202 ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത നിലനിൽക്കുന്നതിനാൽ 31/03/2022 ലെ ബാലൻസ് ഷീറ്റിൽ നിക്ഷേപ ശീർഷകത്തിൽ തുക പ്രതിഫലിക്കുന്നില്ല. മേൽ പ്രോജക്ട് ചെലവിൽ വികസന ഫണ്ട് ചെലവ് 346,247/- രൂപ മാത്രമാണ് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളത്. തനത് ഫണ്ട് ചെലവ് 213,510/- രൂപ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. മേൽ പ്രോജക്ട് ചെലവിലെ ഡെപ്പോസിറ്റ് ശീർഷകത്തിലെ അക്കൗണ്ടിങ്ങ് അപാകതയും സുലേഖ ചെലവ് പത്രികയിലെ അപാകതയും പരിഹരിക്കേണ്ടതാണ്.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷത്തെ ധനകാര്യ പത്രിക, 31/03/2022 ലെ ബാലൻസ് ഷീറ്റ് എന്നിവ പ്രകാരം വായ്പയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ബാധ്യതയില്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

2021-22 വർഷത്തെ ധനകാര്യ പത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപമില്ല.

4-7 ഓഡിറ്റ് റിക്കവറി

2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിവരങ്ങൾ ക്രോഡീകരിച്ച് ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	നിലവിലെ അവസ്ഥ
1999-00	5	2004-05	2-1	വ്യവസായ എസ്റ്റേറ്റിനായി വാങ്ങിയ ഭൂമിയിൽ എസ്റ്റേറ്റ്	നടപടികൾ തുടരുന്നു.

				ആരംഭിച്ചില്ല	
2002-03	3-2	2005-06	2-25-1	അംഗീകാരമില്ലാത്ത SGRY പദ്ധതികൾക്ക് വകമാറ്റി മുൻകൂർ നൽകി	,,
2003-04	3-2	2005-06	2-25-2	കമ്പ്യൂട്ടർ തൊഴിൽ സാധ്യതാ പരിശീലന പരിപാടിയിൽ ക്രമക്കേടുകൾ	,,
2004-05	3-2	2007-08	3-36-1	യുവജന കായികക്ഷമതാ പരിപാടി- കരാറുകാരൻ വ്യാജരേഖ ചമച്ച് തുക തട്ടിയെടുത്തു	,,

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ)	:	95,417,528/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	77,852,515/-
വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	99,23,565/-

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക-നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-19	11,760/-	പി. എൻ. സുജിത്ത്, സെക്രട്ടറി
1-19	14,300/-	നാസർ കെ. എ., സെക്രട്ടറി
1-19	59,445/-	ഫൈസൽ എസ്., സെക്രട്ടറി
1-21	41,434/-	ഫൈസൽ എസ്., സെക്രട്ടറി
1-23	391056	ഷെറിൻ അമ്പിളി ജയിംസ്, അസിസ്റ്റന്റ്

		എഞ്ചിനീയർ
1-24	225250	അനിത എ.വി., കൃഷി അസിസ്റ്റന്റ് ഡയറക്ടർ
1-25	559,757/-	പി. എൻ. സുജിത്ത്, സെക്രട്ടറി
1-27	1,593,247/-	ഡോ. രഞ്ജിനി ജോൺസൺ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.-കൂട്ടിക്കൽ)
1-28	215,028/-	നാസർ കെ. എ., സെക്രട്ടറി
1-28	453,488/-	ഫൈസൽ എസ്., സെക്രട്ടറി
1-29	6,358,800/-	ഫൈസൽ എസ്., സെക്രട്ടറി
ആകെ	99,23,565/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 28/02/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2001-02	കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(1)/2018/07.05.2018	13
2006-07	കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(2)/2018/07.05.2018	13
2007-08	കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(3)/2018/07.05.2018	05
2008-09	കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(4)/2018/07.05.2018	05
2009-10	കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(5)/2018/07.05.2018	03
2010-11	എൽ.എഫ്.കെ.പി13/791(5) /2013/04.09.2013	-
2011-12	എൽ.എഫ്.കെ.പി13/718	-

	/2013/11.10.2013/01.11.2013	
2012-13	കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(6)/2018/07.05.2018	8
2013-14	കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(7)/2018/07.05.2018	10
2014-15 & 2015-16	കെ.എസ്.എ-കെ.ടി.എം.പി15/അദാ-18/811(8)/2018/07.05.2018	8
2016-17	കെ.എസ്.എ-കെ.ടി.എം.പി15/205 /2019/07.05.2019	8
2017-18 Spl. Report	കെ.എസ്.എ-കെ.ടി.എം.പി15/932 /2019/24.08.2019 കെ.എസ്.എ-കെ.ടി.എം.പി2/172 /2018(5)/07.03.2018(CAR)	18 3
2018-19	കെ.എസ്.എ-കെ.ടി.എം.പി15/1780 /19/28.01.2020/25.05.2020	23
2019-20	കെ.എസ്.എ-കെ.ടി.എം.പി15/777 /2022/10.10.2022	19
2020-21	കെ.എസ്.എ-കെ.ടി.എം.പി15/778 /2022/01.06.2022	41

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്